പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :3690 23.08.2017 ലെ മറുപടിക്ക്

## കയറുൽപ്പന്നങ്ങളുടെ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ ചെറുകിട കയർ ഉൽപ്പാദകരും കയർ സഹകരണ സംഘങ്ങളും ഉത്പാദിപ്പിക്കുന്ന കയറും കയറുൽപ്പന്നങ്ങളും ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് സംഭരിക്കുന്നതെന്ന് വിശദീകരിക്കുമോ; | എ) സംസ്ഥാനത്തെ ചെറുകിട കയർ ഉൽപ്പാദകരും കയർ സഹകരണ സംഘങ്ങളും ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ സംഭരിക്കുന്നുണ്ട്. |
| ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഓരോ പൊതുമേഖലാ സ്ഥാപനവും ശേഖരിച്ച കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും അളവ് വ്യക്തമാക്കുമോ; വിശദീകരിക്കുമോ; | ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഓരോ പൊതുമേഖലാ സ്ഥാപനവും ശേഖരിച്ച കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും അളവ് താഴെപ്പറയും പ്രകാരമാണ്: |

| ക്രമ നം. | സ്ഥാപനം | കയർ | | കയർ ഉൽപ്പന്നങ്ങൾ |
|---|---|---|---|---|
| | | തൂക്കം | വില | |
| 1 | കയർഫെഡ് | 99793.850 ക്വിന്റൽ | 50,09,34,036 രൂപ | 4,95,88,320 രൂപയുടെ ഉൽപ്പന്നങ്ങൾ |
| 2 | കയർ കോർപ്പറേഷൻ | | | 98.2 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ |
| 3 | ഫോമിൽ | 89284 കി.ഗ്രാം. | 66.96 ലക്ഷം രൂപ | 94.30 ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങൾ |

| | |
|---|---|
| സി) സംസ്ഥാനത്ത് കയർ ഉത്പാദനമേഖലയിൽ ചകിരി ക്ഷാമം നിലനിൽക്കുന്നുണ്ടോയെന്ന് വിശദീകരിക്കുമോ; അന്യസംസ്ഥാനങ്ങളിൽ നിന്ന് ചകിരി ഇറക്കുമതി ചെയ്യുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ? | സി) സംസ്ഥാനത്ത് കയർ ഉൽപ്പാദന മേഖലയിൽ ചകിരി ക്ഷാമം നിലനിൽക്കുന്നുണ്ട്. ഇതുമൂലം കിലോക്ക് 3.00 രൂപായുടെ വരെ വില വർദ്ധന ഉണ്ടായിട്ടുള്ളതായി കണക്കാക്കുന്നു. തമിഴ്നാട്, കർണ്ണാടക, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിൽ നിന്നും ചകിരി കേരളത്തിൽ എത്തുന്നുണ്ട് |

സെക്ഷൻ ഓഫീസർ